**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2789** **12-07-2022 - ൽ മറുപടിയ്ക്ക്**

**ജെ. സി. ബി. യും ലോറികളും പിടിച്ചെടുത്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ മണ്ഡലത്തിലെ മുള്ളരിങ്ങാട് - ചാത്തമറ്റം പൊതുമരാമത്ത് റോഡ് പണിക്കായി കൊണ്ടുവന്ന ജെ. സി. ബി. യും ലോറികളും വനം വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ചോദ്യം ചെയ്ത ജനപ്രതിനിധികൾക്കെതിരെ വനം വകുപ്പ് ഉദ്യോഗസ്ഥർ വ്യാജ പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **മൂവാറ്റുപുഴ മണ്ഡലത്തിലെ ചാത്തമറ്റം - ഒറ്റക്കണ്ടം റോഡിന്റെ ഇടതുവശത്തുള്ള 1965, 1968 തേക്ക് തോട്ടങ്ങളിൽ മൂന്ന് ഭാഗങ്ങളിലായി ജെ.സി.ബി. ഉപയോഗിച്ച് അടിക്കാടുകൾ തെളിച്ച് മണ്ണിളക്കി നിരപ്പാക്കിയതിന് കോതമംഗലം വനം ഡിവിഷനിലെ മുള്ളരിങ്ങാട് റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ-5/2022 നമ്പർ കേസിലെ തൊണ്ടിയായി ഒരു ജെ.സി.ബി വനംവകുപ്പ് ഉദ്യോഗസ്ഥർ 08.06.22-ൽ പിടിച്ചെടുത്തിട്ടുള്ളതാണ്. ഇത് ചോദ്യം ചെയ്തതിന് ജനപ്രതിനിധികൾക്കെതിരെ വനം വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകിയിട്ടില്ല. എന്നാൽ സെക്ഷൻ ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന തൊണ്ടിമുതലായ ജെ.സി.ബി. 09.06.22-ന് ബലമായും അനധികൃതമായും കടത്തിക്കൊണ്ടുപോയിയെന്നും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നും ആരോപിച്ചുകൊണ്ട് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അടക്കം 11 പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ള 20 പേർക്കെതിരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ആയത് എഫ്.ഐ.ആർ നമ്പർ 487/22 ആയി 10.06.22-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പരാതി വ്യാജമാണോ എന്നത് തുടർ അന്വേഷണത്തിലോ ബഹു.കോടതിയിലോ തീരുമാനിക്കപ്പെടേണ്ടതാണ് .** |
| (ബി) | പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ബി) | വനംവകുപ്പ് രജിസ്റ്റർ ചെയ്ത ഒ.ആർ-5/2022 നമ്പർ കേസിലെ അന്വേഷണം പൂർത്തീകരിച്ച് ബഹു.കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും അനാസ്ഥയും കാട്ടിയതായി പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയതിനെ തുടർന്ന് 18.06.22-ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ) നം. 266/2022/F&WLD പ്രകാരം ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സർക്കാർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ